പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4050 16.03.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക സമുദായങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. സി. കെ. ആശ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ പട്ടിക എത്ര വർഷം കൂടുമ്പോഴാണ് പുതുക്കുന്നത്; | എ) | പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല. |
| ബി) | സംസ്ഥാനത്ത് ഉദ്യോഗസംവരണത്തിന് സംസ്ഥാന ഒ.ബി.സി. ലിസ്റ്റും വിദ്യാഭ്യാസ സംവരണത്തിന് എസ്.ഇ.ബി.സി. ലിസ്റ്റും തയ്യാറാക്കുന്നതിനു പകരം രണ്ടും കൂടി ഉൾപ്പെടുത്തിയിട്ടുള്ള ഒ.ബി.സി.പട്ടിക തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ; | ബി) | പ്രസ്തുത വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് ശുപാർശ ചെയ്യുന്ന സമയം ആലോചിക്കാവുന്നതാണ്. |
| സി) | ജാതി അധിഷ്ഠിതമായ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടും, സർക്കാർ സർവ്വീസിലും, മറ്റു പൊതു മേഖലാ സ്ഥാപനങ്ങളിലും ജാതി അടിസ്ഥാനത്തിലുള്ള നിയമന പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ടും നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇവ തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ? | സി) | ജാതി അധിഷ്ഠിതമായ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട് ലഭ്യമല്ല. സർക്കാർ സർവ്വീസുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ജാതി അടിസ്ഥാനത്തിലുള്ള നിയമന പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ട് നിലവിലില്ല. ഇതിലേയ്ക്കായി സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ